**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2047** **16-03-2022 - ൽ മറുപടിയ്ക്ക്**

**തിരുമാറാടി വില്ലേജിലെ മരം മുറി കേസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | null<br>(മുഖ്യമന്ത്രി) | |
| (എ) | തിരുമാറാടി വില്ലേജിൽ സർവ്വേ നമ്പർ 179/9/3-ൽ വരുന്ന വസ്തുവിൽ അതിക്രമിച്ചു കയറി മരം വെട്ടിക്കൊണ്ടു പോയതുമായി ബന്ധപ്പെട്ട് അതിന്റെ ഉടമ കണ്ണീത്ത് വീട്ടിൽ ശ്രീ. രാമൻ നൽകിയ പരാതി കൂത്താട്ടുകുളം പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. കൂത്താട്ടുകുളം പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത പ്രസ്തുത പരാതി 591/D-PTN/21/E3 നമ്പർ ആയി 23.10.2021 തീയതി ഡയറക്ട് പെറ്റീഷൻ രജിസ്റ്ററിൽ ചേർത്തിട്ടുള്ളതും 150923/2021 ആയി IAPS-ൽ എൻട്രി ചെയ്തിട്ടുള്ളതുമാണ്. |
| (ബി) | കേസുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികൾ നാളിതുവരെ പൂർത്തികരിച്ചിട്ടുണ്ട്; വിശദമാക്കാമോ; | (ബി) | പ്രസ്തുത പരാതിയിന്മേൽ കേസ് രജിസ്റ്റർ ചെയ്തിട്ടില്ല. ടി പരാതി സംബന്ധിച്ച് ഇരു കക്ഷികളും 27.10.2021 തീയതി സ്റ്റേഷനിൽ സ്വമേധയാ ഹാജരാകുകയും പരാതി സിവിൽ സ്വാഭാവമുള്ളതായി ബോധ്യപ്പെട്ടതിനാൽ ബഹു.കോടതി മുഖാന്തിരം പരിഹാരം കാണുവാൻ നിർദ്ദേശിച്ചതനുസരിച്ച് എതിർകക്ഷികൾ രജിസ്റ്ററിൽ ഒപ്പ് വെയ്ക്കുകയും, പരാതിക്കാരൻ ഒപ്പ് വയ്ക്കുവാൻ വിസമ്മതിച്ചു പോയിട്ടുള്ളതുമാണ്. |
| (സി) | പ്രസ്തുത സ്ഥലവും മരത്തിന്റെ ഉടമസ്ഥാവകാശവും ആർക്കാണെന്ന് പോലിസ് അന്വേഷണത്തിൽ ബോദ്ധ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദവിവരം ലഭ്യമാക്കാമോ? | (സി) | ടി പരാതി സംബന്ധിച്ച് നടത്തിയ അന്വേഷണത്തിൽ പരാതിക്കാരനും എതിർകക്ഷികളും സഹോദരങ്ങൾ ആണെന്നും, കുടുംബസ്വത്തുമായി ബന്ധപ്പെട്ട് ഇരുകക്ഷികളും തമ്മിൽ തർക്കം നിലനിൽക്കുന്നുണ്ടെന്നും ബോധ്യപ്പെട്ടിട്ടുള്ളതാണ്. പരാതിക്കാരന് സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച രേഖകൾ ഹാജരാക്കുവാൻ സാധിക്കാത്തതിനാലാണ് ബഹു.കോടതി മുഖാന്തിരം പരിഹാരം കാണുവാൻ നിർദ്ദേശിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ